സാഹിബ് ബഹദൂർ എ. എം. മുസ്തഫാ : എന്തുകൊണ്ടാണ് ചില പട്ടണങ്ങളിൽ ഇപ്പോൾ കാൺക്രീറ്റ് ചെയ്യുകയും മറ്റ് ചില പട്ടണങ്ങളിൽ കാൺക്രീറ്റ് ചെയ്യാതിരിക്കുകയും ചെയ്യുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള : പ്രത്യേക കാരണമൊന്നുമില്ല. സൗകര്യം ഇല്ലാത്തതുകൊണ്ടാണ്.

Sri. P. Balakrishnan Tampi : Has not Thiruvella the honour of contributing an able Minister in charge of Public Works?

Mr. Speaker : The question is disallowed.

ശ്രീ. എ. പി. ഉദയഭാനു : കഴിഞ്ഞകൊല്ലം കാൺക്രീറ്റ് ചെയ്യാൻ കായംകുളം പട്ടത്തിലെ റോഡുകൾ മെറ്റൽ ചെയ്തിട്ട് ഇതുവരെ പണി പൂർത്തിയാക്കാത്തതെന്തുകൊണ്ടാണ്?

ശ്രീ ടി. കെ. നാരായണപിള്ള : ഇക്കൊല്ലം പൂർത്തിയാക്കുന്നതാണ്.

ശ്രീ. കെ. കരുണാകരൻ : കൂടുതൽ റോഡുകളിൽ ഷെൽക്രീറ്റിംഗ് നടത്തുന്നതിലേയ്ക്ക് തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : എല്ലാ സ്ഥലങ്ങളിലും ഷെൽക്രീറ്റിംഗ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ഗംഗാധരൻനായർ : കൊട്ടാരക്കര പട്ടണത്തിൽ കാൺക്രീറ്റും ഷെൽക്രീറ്റും നടത്താത്തത് എന്തുകൊണ്ടാണ്?

ശ്രീ. ടി. കെ. നാരായണപിള്ള : അവിടെ അതിന്റെ ആവശ്യമില്ലെന്നതോന്നിയതുകൊണ്ടാണ്.

ശ്രീ. വി. ഗംഗാധരൻനായർ : ഈ കാൺക്രീറ്റ് റോഡുകൾക്ക് എത്ര നാൾ പഴക്കം കിട്ടും?

ശ്രീ. ടി. കെ. നാരായണപിള്ള : പത്തുപന്ത്രണ്ടുകൊല്ലം പഴക്കം കിട്ടും.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ : പുനലൂർ ടൗണിലെ റോഡ് താർ ചെയ്യാൻ ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇതുവരെ ആലോചനാവിഷയമായിട്ടില്ല. ആലോചനാവിഷയമാക്കാം.

ജനന നിയന്ത്രണം

*൧൦൫൪. (ഒ) ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സെൻസസ്സുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അമിതമായി വർദ്ധിച്ചുവരുന്ന സന്താനവർദ്ധനവിനെ തടയുന്ന സംഗതി സംബന്ധിച്ചുള്ള അന്വേഷണം വല്ലതും സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അതു തടയേണ്ടതു ആവശ്യമാണെന്ന സംബന്ധിച്ച് തീരുമാനിയിട്ടുണ്ടോ;

(സി) പരിഷ്കൃതരാജ്യങ്ങളിൽ സന്താനവർദ്ധനവിനെ തടയാൻ ചിലതും പ്രവൃത്തിക്കുന്നതായി വല്ലതും സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പ് മന്ത്രി (ശ്രീ. എൻ. കണ്ണമ്മാമൻ):

(എ) സന്താനവർദ്ധനവ് അമിതമായിട്ടുണ്ടെന്ന് സർക്കാരിന് തോന്നിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

Sri. P. Balakrishnan Tampi: I rise to a point of order. Is this not a matter which wounds the religious susceptibilities of pious Catholics and Orthodox Hindus?

Mr. Speaker: The question does not involve any point of order calling for a ruling from the Chair.

ശ്രീ. എൻ. കുഞ്ഞുരാമൻ:

(സി) ഇംഗ്ലണ്ട്, അമേരിക്ക മുതലായ രാജ്യങ്ങളിൽ ബർത്ത് കൺട്രോൾ ക്ലിനിക്സ് എർപ്പെടുത്തിയിട്ടുണ്ടെന്നു അറിയാം.

Sri. N. D. Jose: May I know at what percentage our population has been growing?

ശ്രീ. എൻ. കുഞ്ഞുരാമൻ: സെൻസസ്സ് റിപ്പോർട്ട നോക്കിയാൽ പല വർഷങ്ങളിലും പല രീതികളിലാണ് കാണുന്നതു്. കഴിഞ്ഞ തവണത്തെ സെൻസസ്സിൽ ഫൻ് ഫ പേർസൻറാണു്. മറവ ചിലതിൽ അതിൽ കുറവും കൂടുതലും ആയി കാണുന്നുണ്ട്.

Sri. N. D. Jose: Is our food production keeping pace with the increase of population in the State?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഫുഡ് പ്രൊടക്ഷൻ വർദ്ധിപ്പിക്കുന്നതിനു വേണ്ടി സത്വര നടപടികൾ ഗവണ്മെൻറിൽനിന്നും ആരംഭിച്ചിട്ടുണ്ടു്.

Sri. N. D. Jose: May I know whether it is keeping pace with the growing rate of population?

ശ്രീ. എൻ. കുഞ്ഞുരാമൻ: ശ്രമങ്ങൾ തുടങ്ങിയതുതന്നെ ഈ അടുത്ത കാലത്താണു്.

Sri. N. D. Jose: How does our increase of population compare with the rate of increse in other countries?

Mr. Speaker: Questions appear to develop into a kind of general discussion which cannot be allowed.

ശ്രീ. ഇട്ടിര അയ്യുക്കൻ: ഇൻഡ്യാഗവണ്മെൻറ വളരെ പണ്ടുകാലത്തുതന്നെ ഈ ബർത്ത് കൺട്രോൾ എർപ്പെടുത്തിയിരുന്നുവെങ്കിൽ .....

Mr. Speaker: The Hon'ble Member is starting a discussion.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ജർമനിയിലും ഇറലിയിലും ഹിറ്റ്ലറും മുസോളിനിയും സന്താനവർദ്ധനവു എർപ്പെടുത്തിയിരുന്നുവെന്നു അറിയാമോ?

Mr. Speaker: Again it is an argument which cannot be allowed.

ശ്രീ. സി. വി. ഇയ്യു: മിതമായിട്ടാണെങ്കിൽ ഒരാളിനു് എത്ര സന്താനങ്ങൾ ഉണ്ടാകണമെന്നാണു് ഗവ്മെൻറ ധരിക്കുന്നതു്?

ശ്രീ. കെ. അയ്യപ്പൻ: സന്താനനിയന്ത്രണത്തിനുവേണ്ടി ഗവണ്മെൻറ് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. അയ്യപ്പൻ: ഗവണ്മെൻറ് അതിലേയ്ക്കു് എന്തെങ്കിലും പദ്ധതികൾ ആലോചിക്കുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ആലോചിക്കുന്നില്ല.

ശ്രീ. പി. സി. ആദിച്ചൻ: ജനസംഖ്യാനുപാതികമായി ഉദ്യോഗവും മറ്റും നൽകിവരുന്ന കാലത്തോളം ജനസംഖ്യകുറഞ്ഞ സമുദായത്തിനു് സന്താനനിയന്ത്രണം ദോഷകരമല്ലേ?

Mr. Speaker: That is a matter of opinion.

LIBRARY ARCHIVES Kerala Legislative Assembly